# ജിഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

## വായ്പയുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം - ലോൺ അക്കൗണ്ടുകളിലെ 'പെനൽ ചാർജുകൾ'

### ഡോക്യുമെന്റ് പതിപ്പ് ചരിത്രം

| ക്രമ നം. | തയ്യാറാക്കിയത് | അംഗീകരിച്ചത് | അംഗീകരിച്ച തീയതി | പതിപ്പ് നമ്പർ |
|---|---|---|---|---|
| 1 | ക്രെഡിറ്റ് വകുപ്പ് | ബോർഡ് | 03.11.2023 | വി.1.0 |

**GIC HOUSING FINANCE LTD**

# വായ്പയുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം - 'പെനൽ ചാർജുകൾ'- 2023 ഓഗസ്റ്റ്

## ഉള്ളടക്ക പട്ടിക


1. പശ്ചാത്തലം.......................................................3
2. നിർവ്വചനം.......................................................3
3. പിഴപ്പലിശ / ലേറ്റ് പേയ്മെന്റ് ചാർജുകൾ ഈടാക്കുന്നതിന് ആർബിഐ നിർദ്ദേശങ്ങൾ സ്വീകരിക്കും.......3
4. പെനൽ ചാർജുകൾ / ലേറ്റ് പേയ്മെന്റ് ചാർജുകൾ ഈടാക്കുന്നതിന് കമ്പനി സ്വീകരിക്കേണ്ട നയം ... ........ 4

**1. പശ്ചാത്തലം**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) തീയതി 2023 ഓഗസ്റ്റ് 18-ന് പുറത്തിറക്കിയ അതിന്റെ സർക്കുലർ RBI/2023-24/53 DoR.MCS.REC.28/01.01.001/2023- 24 പ്രകാരം, ലോൺ അക്കൗണ്ടുകളിലേക്ക് പിഴ ഈടാക്കുന്നതിനുള്ള ഒരു 'ബോർഡ് അംഗീകൃത നയം' രൂപീകരിക്കുന്നതിന് ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളുടെ ('NBFC') ബോർഡുകളെ ഉപദേശിച്ചു.

അവരുടെ സർക്കുലർ അനുസരിച്ച്, പല നിയന്ത്രിത സ്ഥാപനങ്ങളും (ആർഇ), ഇടപാടുകാർക്ക് അനുവദിച്ച വായ്പാ സൗകര്യങ്ങളുടെ ലോൺ കരാറിന്റെ മെറ്റീരിയൽ നിബന്ധനകളും വ്യവസ്ഥകളും വീഴ്ച വരുത്തുകയോ പാലിക്കാതിരിക്കുകയോ ചെയ്താൽ, ബാധകമായ പലിശ നിരക്കുകൾക്കുമുകളിലായി പിഴ ഈടാക്കുന്നതായി നിരീക്ഷിച്ചിട്ടുണ്ട്.

അവരുടെ നിരീക്ഷണമനുസരിച്ച്, പിഴപ്പലിശ/ചാർജുകൾ ഈടാക്കുന്നതിന്റെ ഉദ്ദേശ്യം അടിസ്ഥാനപരമായി ക്രെഡിറ്റ് അച്ചടക്കത്തിന്റെ ഒരു ബോധം വളർത്തിയെടുക്കുക എന്നതാണ്, അത്തരം ചാർജുകൾ കരാർ പലിശനിരക്കിന് മുകളിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണമായി ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതല്ല. എന്നിരുന്നാലും, ഉപഭോക്തൃ പരാതികളിലേക്കും തർക്കങ്ങളിലേക്കും നയിക്കുന്ന വിധത്തിൽ പിഴപ്പലിശ/ചാർജുകൾ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ആർഇ-കൾക്കിടയിൽ വ്യത്യസ്തമായ രീതികൾ പിന്തുടർന്നു വരുന്നതായി ഒരു മേൽനോട്ട അവലോകനങ്ങൾ ചൂണ്ടിക്കാട്ടുകയുണ്ടായി.

**2. നിർവ്വചനം:**

(എ) ഇഎംഐ: ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെൻറ്
(ബി) പിഇഎംഐ: പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെൻറ്

**3. പെനൽ ചാർജുകൾ ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ**

ലോൺ അക്കൗണ്ടുകളിലേക്കുള്ള ''പെനൽ ചാർജുകളുടെ ലെവി'' സംബന്ധിച്ച് ആർബിഐ നിയന്ത്രണത്തിലുള്ള നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ ഉൾപ്പെടെ, രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങൾക്കും ആർബിഐ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. **എല്ലാ പുതിയ വായ്പകൾക്കും 2024 ജനുവരി 01 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്; നിലവിലുള്ള ലോണുകൾക്ക്, അടുത്ത അവലോകനത്തിലോ അല്ലെങ്കിൽ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ (അതായത് ജനുവരി 1, 2024) 6 മാസത്തിനുള്ളിൽ ഏതാണ് മുമ്പത്തേത് അന്ന് മുതൽ ഇത് നടപ്പിലാക്കുന്നതാണ്.**

ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, ജിഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (ജിഐസി എച്ച്എഫ്എൽ) ലിമിറ്റഡ് ('കമ്പനി') ഇനിപ്പറയുന്ന ആന്തരിക മാർഗ്ഗനിർദ്ദേശ തത്വവും പെനൽ ചാർജ് ഈടാക്കൽ മാതൃകയും  തയ്യാറാക്കിയിട്ടുണ്ട്. ഈ നയം എല്ലായ്പ്പോഴും ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ, വിജ്ഞാപനങ്ങൾ, സർക്കുലറുകൾ, അറിയിപ്പുകങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് വായിക്കണം. അത്തരം രീതികൾ ആർബിഐ മാർഗ്ഗനിർദ്ദേശങ്ങളുമായി വൈരുദ്ധ്യമോ ലംഘിക്കുകയോ ചെയ്യാത്തിടത്തോളം കാലം കമ്പനി മികച്ച വ്യവസായ രീതികൾ പാലിക്കുന്നതായിരിക്കും

'പെനൽ ചാർജുകളുടെ' വ്യുൽപ്പന്നം നിലവിലെ ഇൻഡസ്ട്രി മാനദണ്ഡങ്ങളും സമ്പ്രദായങ്ങളും അനുസരിച്ചായിരിക്കും'.

'പെനൽ ചാർജുകൾ' നിരക്ക് മോഡൽ, ക്രെഡിറ്റ് ആൻഡ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റ് മേധാവികൾ ഇടയ്ക്കിടെ അവലോകനം ചെയ്യുകയും അനുയോജ്യമായ ശുപാർശകൾ സഹിതം വർഷം തോറും ബോർഡിന് സമർപ്പിക്കുകയും ചെയ്യും.

**4. 'പെനൽ ചാർജുകൾ' ഈടാക്കാനുള്ള കമ്പനിയുടെ നയം ഇപ്രകാരമാണ്:**

**'പെനൽ ചാർജുകൾ' / ലേറ്റ് പേയ്മെന്റ് ചാർജുകൾ**

(എ) സാധാരണ പലിശയ്ക്ക് പുറമെ, ഏതെങ്കിലും കുടിശ്ശിക അടയ്ക്കുന്നതിലെ കാലതാമസത്തിനോ വീഴ്ചയ്ക്കോ അല്ലെങ്കിൽ ഉപഭോക്താക്കൾ വായ്പാ ഉടമ്പടിയുടെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാതിരിക്കുന്നതിനോ കമ്പനിക്ക് ''പെനൽ ചാർജുകൾ''/ലെറ്റ് പേയ്മെന്റ് ചാർജുകൾ ഈടാക്കാനാകും. കമ്പനി വാഗ്ദാനം ചെയ്യുന്ന വ്യത്യസ്ത ഉൽപ്പന്നങ്ങൾക്കോ സൗകര്യങ്ങൾക്കോ ബാധകമായ ഈ 'പെനൽ ചാർജുകൾ' എല്ലാ ഉൽപ്പന്നങ്ങൾക്കും തുല്യമായിരിക്കും.

(ബി) 'പെനൽ ചാർജുകൾ' നിലവിലെ രീതി അനുസരിച്ച് കുടിശ്ശികയുള്ള അല്ലെങ്കിൽ അടയ്ക്കാൻ കാലതാമസം വന്ന ഇഎംഐ/പിഇഎംഐ (ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെന്റ്/പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻററസ്റ്റ്) യുടെ പ്രതി മാസം 1.25% എന്ന നിരക്കിലോ അല്ലെങ്കിൽ പ്രതി വർഷം 15% എന്ന നിരക്കിലോ ആണ് ഈടാക്കുന്നത്.

(സി) ഏതെങ്കിലും ലോൺ അക്കൗണ്ടിന് ഇഎംഐ/പിഇഎംഐ (ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെന്റ്/പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻററസ്റ്റ്) എല്ലാ മാസവും ഒന്നാം തീയതിയിൽ ഡ്യൂ ആയി കാണിക്കുകയും, അതേ മാസാവസാനത്തിന് മുമ്പ് ഈ ഇഎംഐ/പിഇഎംഐ അടയ്ക്കേണ്ടതുമാണ്. ഇഎംഐ/പിഇഎംഐ അടയ്ക്കേണ്ട മാസാവസാനത്തിനപ്പുറം ഉണ്ടാകുന്ന ഏതൊരു കാലതാമസവും പ്രതിമാസം 1.25% അല്ലെങ്കിൽ പ്രതിവർഷം 15% എന്ന നിരക്കിൽ ഉപഭോക്താവ് ഇഎംഐ/പിഇഎംഐ കുടിശ്ശിക അടക്കുമ്പോൾ /ക്ലീയർ ചെയ്യുമ്പോൾ 'പെനൽ ചാർജുകൾ' ആയി അധികമായി ഈടാക്കും.

(ഡി) 'പെനൽ ചാർജുകൾ' പ്രധാന പലിശ കുടിശ്ശികയ്ക്കൊപ്പം ക്യാപ്പിറ്റലൈസ് ചെയ്യില്ല. മാത്രമല്ല, കാലതാമസം വരുത്തുന്ന ഓരോ ഇഎംഐ/പിഇഎംഐ-യ്ക്കും മുകളിലുള്ള നിരക്ക് അനുസരിച്ച് ഉപഭോക്താവ് പിഴ നൽകുകയും ചെയ്യും. അധിക 'പെനൽ ചാർജുകൾ' പ്രതിമാസം 1.25% എന്ന നിരക്കിൽ ഉപഭോക്താവ് ഇഎംഐ/പിഇഎംഐ അടയ്ക്കുമ്പോൾ /ക്ലീയർ ചെയ്യുമ്പോൾ ഈടാക്കുന്നതാണ്.

(ഇ) 'പെനൽ ചാർജുകൾ' അടയ്ക്കേണ്ട പ്രധാന പലിശയ്ക്കൊപ്പം കൂട്ടിച്ചേർക്കില്ല, അത് ഉപഭോക്താവ് കുടിശ്ശികയുള്ള ഇഎംഐ/പിഇഎംഐ (ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെന്റ്/പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻററസ്റ്റ്) നിക്ഷേപിക്കുമ്പോൾ /ക്ലീയർ ചെയ്യുമ്പോൾ പ്രത്യേകം ശേഖരിക്കും.

(എഫ്) ഇഎംഐ/പിഇഎംഐ ( ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെന്റ്/പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻററസ്റ്റ് ) അടയ്ക്കുന്നതിൽ ഉണ്ടായ വീഴ്ചയോ കാലതാമസമോ വരുത്തിയതിനാലോ അല്ലെങ്കിൽ പഭോക്താക്കൾ ലോൺ കരാറിന്റെ മെറ്റീരിയൽ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തതിനാലോ ഉപഭോക്താവിന് അയക്കുന്ന എല്ലാ ആശയവിനിമയങ്ങളും എസ്എംഎസ്, മെയിലർ, വാട്ട്സ്ആപ്പ് അല്ലെങ്കിൽ ടെലി കോൾ വഴി ഉപഭോക്താവിനെ അറിയിക്കുകയും അതിൽ ക്ലിയർ ചെയ്യാത്ത കുടിശ്ശികയുള്ള ഇഎംഐ/പിഇഎംഐ ( ഇക്വേറ്റഡ് മന്ത്‌ലി ഇൻസ്റ്റാൾമെന്റ്/പ്രീ-ഇക്വേറ്റഡ് മന്ത്‌ലി ഇൻററസ്റ്റ് ) എന്നിവയ്ക്ക് നൽകേണ്ട അധിക ''പെനൽ ചാർജുകൾ'' വ്യക്തമായി പരാമർശിക്കുകയും ചെയ്യും.

(ജി) ലോൺ അനുവദിക്കുന്ന സമയത്ത് ഞങ്ങളുടെ ''ലോൺ കരാറിലും'' ''ഓഫർ ലെറ്ററിലും'' ''പെനൽ ചാർജുകൾ'' സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും ഓഫറിന്റെ ''നിബന്ധനകളും

വ്യവസ്ഥകളും അംഗീകരിക്കുന്നത്" രേഖകളിൽ സൂക്ഷിക്കുകയും ചെയ്യും.

(എച്ച്) കൂടുതൽ സുതാര്യതയ്ക്കും ഭാവിയിൽ തർക്കം അല്ലെങ്കിൽ പരാതി ഒഴിവാക്കുന്നതിനുമായി പ്രോസസിംഗ് ഫീസ്, ഡോക്യുമെന്റേഷൻ ചാർജുകൾ, CERSAI ചാർജുകൾ തുടങ്ങിയ മറ്റ് ചാർജുകൾക്കൊപ്പം ലോൺ അപേക്ഷയിൽ ബാധകമായ ചാർജുകൾക്ക് കീഴിൽ ബാധകമായ 'പെനൽ ചാർജുകൾ' കമ്പനി വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യും.